# മുഫ്തിമാർക്ക് ഒരു ചട്ടക്കൂട്

**ഇസ്‌ലാമിക** പണ്ഡിതന്മാരുടെ ഫത്‌വകൾ ആധുനിക ലോകത്ത് സജീവ ചർച്ചാവിഷയമാണ്. മുസ്‌ലിംകളുള്ളിടത്തൊക്കെ മുഫ്തിമാരും ഫത്‌വകളുമുണ്ട്. ആധുനിക പ്രശ്നങ്ങളിൽ സമുദായത്തിന് ഇസ്‌ലാമികമായ മാർഗദർശനം ലഭിക്കാനുള്ള സംവിധാനമാണ് ഫത്‌വ. അധികപക്ഷവും ഈ ദൗത്യം തന്നെയാണ് മുഫ്തിമാർ നിർവഹിച്ചുവരുന്നത്. എന്നാൽ ചില പണ്ഡിതന്മാരുടെ ചില ഫത്‌വകൾ നൈതികതയെയും യുക്തിബോധത്തെയും വെല്ലുവിളിച്ചുകൊണ്ട് ഇസ്‌ലാമിന്റെ മുഖം വികൃതവും അരോചകവുമാക്കുന്നു. അത്തരം ഫത്‌വകളാണ് വൻവാർത്തകളും വിവാദങ്ങളുമായിത്തീരുന്നത്. അടുത്തകാലത്ത് ഉത്തരേന്ത്യയിലും കേരളത്തിലുമൊക്കെ ചില ഫത്‌വകൾ വൻ കോളിളക്കം സൃഷ്ടിച്ചതോർക്കുക. ഇസ്‌ലാമിനെ ആക്ഷേപിക്കാനവസരം പാർത്തിരിക്കുന്നവർക്ക് ലഭിക്കുന്ന ശക്തിയേറിയ ആയുധമാണിത്തരം ഫത്‌വകൾ. മുൻകേന്ദ്രമന്ത്രിയും പ്രശസ്ത പത്രപ്രവർത്തകനും ബി.ജെ.പി നേതാവുമായ അരുൺശൂരി, ഫത്‌വകളെക്കുറിച്ചും അതിന്റെ പ്രതിലോമസ്വഭാവത്തെക്കുറിച്ചും ഒരു പുസ്തകം തന്നെ രചിക്കുകയുണ്ടായി.

ഫത്‌വകളും അഭിപ്രായ പ്രകടനങ്ങളും തമ്മിലുള്ള അന്തരം അവഗണിക്കപ്പെടുന്നത് ഫത്‌വാവിവാദങ്ങൾ പെരുകാനുള്ള ഒരു കാരണമാണ്. തെറ്റാവാനും ശരിയാവാനും സാധ്യതയുള്ളതെന്ന് വക്താവ് തന്നെ സമ്മതിക്കുന്നതാണ് അഭിപ്രായം. ഒരു പ്രശ്നത്തിൽ പ്രകടിപ്പിക്കപ്പെട്ട വീക്ഷണം, അത് ശരിയെന്ന് ബോധ്യമുള്ളവർക്കേ സ്വീകരിക്കാൻ ബാധ്യതയുള്ളൂ. ഇത്തരം അഭിപ്രായങ്ങളെയാണ് മാധ്യമങ്ങൾ പലപ്പോഴും ഫത്‌വകൾ എന്ന പേരിൽ കൊട്ടിഘോഷിക്കുന്നത്. യുവതികൾ നഗ്നത മറയ്ക്കാതെ പൊതുസ്ഥലങ്ങളിൽ വിഹരിക്കുന്നത് പുരുഷന്മാരുടെ ബലാൽക്കാരവാസനയെ പ്രോത്സാഹിപ്പിക്കുമെന്ന് ഈയിടെ ഒരു ആസ്ത്രേലിയൻ ഇമാം അഭിപ്രായപ്പെട്ടത് ഇസ്‌ലാമിന്റെ അതിഭീകരമായ സ്ത്രീവിരുദ്ധ ഫത്‌വയായിട്ടാണ് മാധ്യമങ്ങൾ പ്രചരിപ്പിച്ചത്. 'ഫത്‌വ' എന്നാൽ അനിഷേധ്യമായ മതവിധിയാണ്. നവംനവങ്ങളായ ദൈനംദിന പ്രശ്നങ്ങളോടുള്ള ശരീഅത്തിന്റെ യുക്തമായ പ്രതികരണമാണത്. അതതുകാലങ്ങളിൽ ഇസ്‌ലാമിന്റെ സമകാലീനവും പുരോഗമനാത്മകവുമായ സുന്ദരമുഖം വെളിപ്പെടേണ്ടത് ഫത്‌വകളിലൂടെയാണ്. ഇതേ ഫത്‌വകൾ ഇസ്‌ലാമിന്റെ മുഖം ജീർണവും വികൃതവും അരോചകവുമാക്കി അവതരിപ്പിക്കാനുള്ള ഉപാധികളാകുന്നത് എന്തുമാത്രം ദൗർഭാഗ്യകരമാണ്!

പണ്ടൊക്കെ ഫത്‌വകൾ മുസ്‌ലിം സമൂഹത്തിന്റെ ആഭ്യന്തരജീവിതത്തെ മാത്രം സ്പർശിക്കുന്നതായിരുന്നു. ആധുനിക രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക സാഹചര്യം ഫത്‌വകളുടെ വൃത്തം ഏറെ വിപുലീകരിച്ചിരിക്കുന്നു. ബഹുസ്വര ജനാധിപത്യ സമൂഹങ്ങളിൽ അത് മുസ്‌ലിംകളും ഇതര സമൂഹങ്ങളും തമ്മിലുള്ള ബന്ധങ്ങളെയും രാഷ്ട്രീയ പ്രശ്നങ്ങളെയും ഉൾക്കൊള്ളുകയും ചെയ്യുന്നു. കൂടാതെ ഒരു തുറന്ന ഗ്ലോബൽ വില്ലേജിലാണ് ആധുനിക മനുഷ്യൻ ജീവിക്കുന്നത്. ബന്ധപ്പെട്ടവർ മാത്രം അറിയുകയും ചർച്ചചെയ്യുകയും ചെയ്യുന്ന ഒരു വിഷയവും ഇന്നില്ല. എല്ലാം എല്ലാവരും അറിയുകയും ചർച്ച ചെയ്യുകയും ചെയ്യുന്നു. ഇസ്‌ലാമിക പണ്ഡിതന്മാർ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന ഫത്‌വകൾ ഇന്ന് പത്രപ്രസിദ്ധീകരണങ്ങളിലൂടെയും ടി.വി ചാനലുകളിലൂടെയും ഇന്റർനെറ്റിലൂടെയും നാനാവിഭാഗങ്ങളുടെയും അറിവിനും വിലയിരുത്തലിനും വിധേയമാകുന്നുണ്ട്. അതിനാൽ മുസ്‌ലിംകളെപ്പോലെ ഒരു പ്രബോധക സമൂഹത്തിന്റെ നടപടികൾ ശരിയായാൽ മാത്രം പോരാ, ശരിയാണെന്ന് മറ്റുള്ളവർക്ക് മനസ്സിലാവുകയും വേണം.

ഈ സാഹചര്യത്തിൽ കഴിഞ്ഞ മെയ് 26, 27, 28 തീയതികളിൽ കുവൈത്തിൽ ചേർന്ന ഇസ്‌ലാമിക പണ്ഡിതന്മാരുടെ സമ്മേളനം ഏറെ ശ്രദ്ധേയമാകുന്നു. 'മൻഹജിയ്യതുൽ ഇഫ്താഇ ഫീ ആലമിൻ മഫ്തൂഹ്' (തുറന്ന ലോകത്ത് ഫത്‌വയുടെ രീതിശാസ്ത്രം) എന്നതായിരുന്നു സമ്മേളന പ്രമേയം. കുവൈത്ത് ഔഖാഫ് മന്ത്രാലയം, കുവൈത്തിലെ ഷെറാട്ടൺ ഹോട്ടലിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ 44 രാജ്യങ്ങളിൽനിന്നുള്ള പണ്ഡിതന്മാരും ചിന്തകരും രാഷ്ട്രീയ നേതാക്കളും പങ്കെടുക്കുകയുണ്ടായി. വിശ്വപ്രശസ്ത പണ്ഡിതൻ ഡോ. യൂസുഫുൽ ഖറദാവിയാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്.

ഫത്‌വാ രംഗത്ത് നടമാടുന്ന അവ്യവസ്ഥിതത്വം, അതു സൃഷ്ടിക്കുന്ന കുഴപ്പങ്ങൾ, അയോഗ്യരുടെ ഫത്‌വ, മുഫ്തിയുടെ സ്വാതന്ത്ര്യം, ഫത്‌വാ സംവിധാനത്തിൽ ഭരണകൂടത്തിന്റെ അധികാരം, തീവ്രവാദ-ഭീകരവിഭാഗങ്ങളുടെ സ്വാധീനം തുടങ്ങി ഫത്‌വയുമായി ബന്ധപ്പെട്ട നാനാവശങ്ങൾ സമ്മേളനം വിശദമായി ചർച്ചചെയ്യുകയുണ്ടായി. ഫത്‌വ ലളിതവും ലഘുവുമായ വിഷയമല്ലെന്നും മറിച്ച് ഗുരുതരവും മഹത്തരവുമായ വിഷയമാണിതെന്നും ഡോ. യൂസുഫുൽ ഖറദാവി ഊന്നിപ്പറഞ്ഞു. ഇമാം ശാത്വിബി അതിന് പ്രവാചകന്റെ പ്രാതിനിധ്യത്തിന്റെ സ്ഥാനവും ഇമാം ഇബ്നുൽഖയ്യിം അല്ലാഹുവിങ്കൽനിന്നുള്ള കൈയൊപ്പിന്റെ സ്ഥാനവും കൽപിച്ചത് അദ്ദേഹം ചൂണ്ടിക്കാണിച്ചു.

ഭരണകൂടത്തിന്റെയും തീവ്രവാദത്തിന്റെയും മറ്റു തൽപരകക്ഷികളുടെയും സ്വാർഥതാൽപര്യങ്ങളുടെ ദാസ്യത്തിൽനിന്ന് മുക്തമായാലേ ഫത്‌വാ സംവിധാനത്തിന് അതിന്റെ യഥാർഥ ദൗത്യം നിറവേറ്റാൻ കഴിയൂ എന്ന് സമ്മേളനം അഭിപ്രായപ്പെട്ടു. ഭരണകൂട ദാസ്യത്തോളം തന്നെ അപകടകരമാണ് ഫത്‌വാരംഗത്ത് തീവ്രവാദത്തിന്റെ സ്വാധീനം. അയോഗ്യരായ ആളുകൾ ഫത്‌വകൾ പുറപ്പെടുവിക്കുന്നത് കർശനമായി തടയപ്പെടണം. ആധുനിക ലോകത്തെയും ജീവിത സാഹചര്യങ്ങളെയും കുറിച്ച് യാതൊരു ധാരണയുമില്ലാതെ മധ്യകാലഗ്രന്ഥങ്ങൾ ഉരുക്കഴിച്ചതുകൊണ്ട് മാത്രം യോഗ്യരായ മുഫ്തിമാരാകുന്നില്ല. ഫത്‌വയുടെ ആധികാരികതക്ക് പൂർവികഗ്രന്ഥങ്ങളിൽനിന്നുള്ള ഉദ്ധരണികൾ മാത്രം പോരാ, നീതിബോധത്തിന്റെയും യുക്തിയുടെയും പിന്തുണ കൂടിവേണം. ഫത്‌വ ആരുടെയും കുത്തകയായിരിക്കുകയുമരുത്. അതിന്റെ നിയമങ്ങളും നിബന്ധനകളും തികഞ്ഞവർക്ക് അത് കൈകാര്യം ചെയ്യാം. ഫത്‌വ പ്രവർത്തനത്തിന് വ്യക്തമായ തത്ത്വങ്ങളും നടപടിക്രമങ്ങളും ആവിഷ്കരിച്ചു നടപ്പാക്കുക എന്നതാണ് സമ്മേളനം ഉന്നയിച്ച മുഖ്യനിർദേശം. മുഫ്തിമാരെ പരസ്പരം ബന്ധിപ്പിക്കാനും വൈവിധ്യമാർന്ന ഫത്‌വകളെ സമരസപ്പെടുത്താനും സംവിധാനമുണ്ടാക്കുകയാണ് മറ്റൊരു നിർദേശം.

ഫത്‌വാ മേഖലയിലെ ഇന്നത്തെ തികച്ചും അവ്യവസ്ഥിതമായ അവസ്ഥയിൽ ഈ നിർദേശങ്ങൾ ഏറെ പ്രാധാന്യമർഹിക്കുന്നുവെന്നതിൽ സംശയമില്ല. നിർദേശങ്ങൾ ഏട്ടിലെഴുതിവെച്ചതുകൊണ്ട് കാര്യമില്ല. അതിന് പ്രായോഗികരൂപം നൽകുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്. ലോകമെങ്ങുമുള്ള മുഫ്തിമാരെ ഒരേ വ്യവസ്ഥയുടെ ചട്ടക്കൂട്ടിൽ കൊണ്ടുവരിക അത്ര എളുപ്പമൊന്നുമല്ല. പക്ഷേ, വാളെടുത്തവനൊക്കെ വെളിച്ചപ്പാട് എന്ന മട്ടിൽ ഒരോരുത്തരുതിർക്കുന്ന ജൽപനങ്ങൾ 'ഫത്‌വകൾ' എന്ന പേരിൽ കൊട്ടിഘോഷിക്കുകയും ദീനുൽ ഇസ്‌ലാമിനെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന അവസ്ഥക്ക് മാറ്റം വരുത്താൻ ഇത്തരം നീക്കങ്ങൾ കൊണ്ടേ കഴിയൂ. ■